
# മഴവില്ല്



**ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2019-20**

**സെന്റ്. അഗസ്റ്റിൻസ്. ജി. എച്ച്. എസ്**

**കുഴുപ്പിള്ളി**


ST.AUGUSTINES G.H.S.S
KUZHUPPILLY

# മഴവില്ല്



ജീവിതം യാന്ത്രീകമായ ചില താളങ്ങൾക്കനുസൃതമായി അതിദ്രുതം പായുകയാണ്. ആ കുത്തൊഴുക്കിൽ നന്മയുടെ, മൂല്യങ്ങളുടെ പൂവുകൾ ലക്ഷ്യമില്ലാതെ ഒഴുകുകയാണ്. ആ മൂല്യച്യുതിയിൽ നിന്ന് പുതുതലമുറയെ മൂല്യബോധ സംസ്കാരങ്ങളിലേക്ക് നയിക്കാൻ കുട്ടികളുടെ സർഗ്ഗാത്മകതയിലൂടെ പുതു വസന്തം വിരിയിക്കാൻ സൃഷ്ടികളുടെ പുതിയ വെളിച്ചം, അതാണ് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ആധുനീക സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന ഡിജിറ്റിൽ മാഗസിൻ. കാലഹരണപ്പെട്ടുപോയ കൈയെഴുത്ത് മാസികകൾക്ക് ഡിജിറ്റിൽയുഗം സാധ്യമാക്കിയ ഈ പുനർജന്മം.

സത്യത്തിന്റെ വിരൽതുമ്പ് പിടിക്കാൻ, നീതിയുടെ നിഴലിലെങ്കിലും ജീവിക്കാൻ കുട്ടികൾ ഈ സംരഭത്തിലൂടെ പുതുവഴി വെട്ടി-തുറക്കട്ടെ. "അസതോമ സദ്ഗമയ".

# ഇതളുകളിലൂടെ




| | | |
|---|---|---|
| അനുഗ്രഹ മരങ്ങൾ | - | ക്രിസ്റ്റീന റോസ് |
| ഹൃദയസ്പന്ദനം | - | അനഘ.എം.മനോജ് |
| മധുരസ്മരണകൾ | - | അനുലക്ഷ്മി.പി.എസ് |
| ജീവിത പാഠം | - | ഏയ്ഞ്ചൽ ജോഷി |
| ഹർത്താൽ | - | നന്ദന സന്തോഷ് |
| മികവുകൾ | - | നന്ദന സുനിൽ |
| ഒരു വട്ടം കൂടി നിൻ-<br>മാറിൽ അണയാൻ | - | പി.എസ്.ശ്രീലക്ഷ്മി |
| പ്രളയം | - | അനുലക്ഷ്മി.പി.എസ് |
| പ്ലാസ്റ്റിക് ശേഖരണം | - | കൃഷ്ണ സി.എസ് |
| തണൽ മരം | - | നന്ദന സന്തോഷ് |
| ലഹരിയും ലഹരി വിമുക്തിയും | - | നന്ദന കെ.ജി |
| മുതലക്കണ്ണീർ | - | നന്ദന സന്തോഷ് |
| സന്തോഷത്തിന്റെ രഹസ്യം | - | നന്ദന സന്തോഷ് |
| ജീവിതം എത്ര മനോഹരം | - | നീനു ജോസ് |
| മാതൃഭാഷ | - | നീയ മോൾ |
| Advantages of Internet | - | ശ്രീലക്ഷ്മി .പി.എസ് |
| वो तारा दखा तो | - | നന്ദന സുനിൽ |
| पर्यावरण | - | അനഘ. എം. മനോജ് |

# അനുഗ്രഹമരങ്ങൾ

ആരംഭം മുതലേ നമ്മെ
സേവിച്ചിടും തരു തൻ
ചരിത്രം അറിഞ്ഞിടേണം
നാമാദ്യം............

പ്രപഞ്ചസ്രഷ്ടികളിൽ
ഏറ്റവും ഉകാരപ്രദമായവയുടെ
ഇടയിലെ പ്രഥമയാണ്
തരുവൃക്ഷം.........



പണ്ടുകാലം മുതൽക്കേ
പൂർവികർ ആരധിച്ചീടുന്നു.
തരുവൃക്ഷത്തിന്റെ മാഹാത്മ്യം
മനസിലാക്കാതെ ആ
മിണ്ടാപ്രാണികളെ വെട്ടി

നശിപ്പിച്ചിടുന്ന നാം
ഓർക്കണമൊരു കാര്യം
“മരങ്ങളില്ലെങ്കിൽ നാമില്ല".

# ഹൃദയസ്പന്ദനം

നമ്മൾ പഠിക്കുന്ന സ്കൂളിലെ ഹാജർ പുസ്തകത്തിൽ ഒരു കോളമുണ്ട് നീ ഹിന്ദുവാണോ ക്രിസ്ത്യനാണോ അതോ മുസ്ലീമാണോ ? എന്ന്. ഇത് നമ്മളറിയാതെ നമ്മുടെ സൗഹൃദത്തിനിടയിൽ ഒരു മതിൽക്കെട്ടിന്റെ പണിതുടങ്ങിയിരുന്നു. ഇതൊന്നും വകവയ്ക്കാതെ കൂട്ടുകൂടാൻ ശ്രമിച്ചെങ്കിലും വീട്ടുകാർ ഈ മതിൽ ഒന്നുകൂടി ഉയർത്താൻ തുടങ്ങി. നമ്മൾ വളർന്നതിനൊപ്പം ഈ മതിൽക്കെട്ടും വളർന്നു.



2018 ഓഗസ്റ്റ് പതിനഞ്ചാം തീയതി ഞങ്ങളുടെ നാട്ടിൽ ഒരു മഴ പെയ്തു.മഴയല്ലേ എല്ലാവർക്കും ഇഷ്ടമല്ലേ!ഞാൻ മുറ്റത്തേക്ക് ഓടി കളിക്കാൻ തുടങ്ങി . മഴയുടെ മട്ടുമാറുന്നതു കണ്ട് പേടിച്ചോടി വീട്ടിൽ കയറി . എന്നാൽ എനിക്ക് ചുറ്റും വെള്ളം പൊങ്ങാൻ തുടങ്ങി. ഞാൻ വേഗം മുകളിലെ നിലയിലേക്ക് കയറി. അവിടെ ഞാനൊരു കാഴ്ച കണ്ടു. ഹിന്ദുവെന്നോ കൃസ്ത്യനെന്നോ ഇസ്ല്ലാമെന്നൊ വേർതിരിവില്ലാതെ എല്ലാവരും ഒത്തുകൂടിയിരിക്കുന്നു .പതിയെ പതിയെ ആ മതിൽകെട്ട് തകർന്നുവീണു.സന്തോഷിക്കാൻ പാടില്ലാത്ത നേരത്തുകൂടി ഞാൻ സന്തോഷിച്ചു , കാരണം എന്റെ വീട്ടിൽ ഇത്രയധികം ആളുകൾ വന്നിട്ടില്ല. പതിയെ എല്ലാവരും തമ്മിൽ സംസാരിച്ചു തുടങ്ങി . പരിജയപ്പെട്ടുകയും ചെയ്തു. പതിയെ പതിയെ ആ സന്തോഷം മാഞ്ഞു. വെള്ളം അവിടെയും വന്നു തുടങ്ങി. രക്ഷപ്പെടാൻ ഒരു മാർഗവുമില്ലന്നറിഞ്ഞ ഞങ്ങൾ ഒരുമിച്ച് കൈകൾ കോർത്ത് പ്രാർഥിക്കാൻ

തുടങ്ങി. അപ്പോൾ അവിടെ ഞങ്ങളെ രക്ഷിക്കാൻ തൻെറ കുടുംബവും വീടും മറന്ന് വന്നവർ ഞങ്ങളുടെ ദൈവമാണ്. അവർ നീട്ടിയ ആ കരങ്ങൾ കറുത്തതാണോ വെളുത്തതാണോ എന്ന് നോക്കിയില്ല.അന്ന് അവിടെ വന്നില്ലെങ്കിൽ മരിച്ചവരുടെ കൂട്ടത്തിൽ ഞങ്ങളും പെട്ടാനെ ഇനി മരിച്ചാലും ആ കൈകൾ ഒരിക്കലും മറക്കില്ല. ഈ പ്രളയം കേരളത്തിന് ഒരു ഗുണപാഠമാണ്. ജാതിമതത്തിൻെറ മതിൽ തകർന്നു വീണിരിക്കുന്നു. വെള്ളം പോകാനുള്ള വഴി തടഞ്ഞില്ലായിരുന്നെങ്കിൽ ഇതൊന്നും വരില്ലായിരുന്നു. പ്രകൃതി നമ്മളോടിങ്ങനെ പറയുന്നു. നമ്മൾ പ്രകൃതിയെ സ്നേഹിച്ചാൽ പ്രകൃതി തിരിച്ചും സ്നേഹിക്കുമെന്ന്. പക്ഷെ പ്രകൃതിയെ നമ്മൾ നോവിച്ചു. ആ നോവിൻെറ വേദനയിൽ പ്രകൃതി കണ്ണുനീർ പൊഴിച്ചു. ആ കണ്ണുനീർ നമ്മുക്കു താങ്ങാനായില്ല. പ്രകൃതിയുടെ വിലാപമാണീ പ്രളയം.




# മധുര സ്മരണകൾ

കൂട്ടരുമൊത്ത് പള്ളിക്കൂടത്തിൽ പോയതും
തൊടിയിലെ മഴ വെള്ളത്തിൽ നീന്തിക്കളിച്ചതും
ഉടുപ്പിൽ ചെളിപ്പറ്റിയതും
നിനക്ക് ഓർമ്മയില്ലേ?

പാതയരികിൽ കണ്ട പൈപ്പിൻ ചുവട്ടിൽ
ഉടുപ്പ് കഴുകിയതും
ഈറൻ ഉടുപ്പിട്ട് പള്ളിക്കൂടത്തിൽ ചെന്നതും
മാഷിന്റെ അടുത്ത് നിന്ന് ചൂരൽ കഷായം കിട്ടിയതും
നിനക്ക് ഓർമ്മയില്ലേ?

പള്ളിക്കൂടത്തിനരികെ നിന്നൊരാപുളിമര ചുവട്ടിൽ നിന്നും
പുളിപെറുക്കി കഴിച്ചതും
കമ്പുകൾ കൊണ്ട് വീട് വച്ച് കളിച്ചതും
മണ്ണിൽ പൂത്താൻ കോൽ കളിച്ചതും
നിനക്ക് ഓർമ്മയില്ലേ?

വാഴകൾ നട്ടതും ചെടി നട്ടതും
തൊടിയിലെ കിണറ്റിൽ
വെള്ളം കോരിയൊഴിച്ചതുമെല്ലാം
നിനക്ക് ഓർമ്മയില്ലേ?




പള്ളിക്കൂടം വിട്ട് മടങ്ങുന്ന നേരം
മഴത്തുള്ളികൾ തലയിൽ പതിക്കവെ
തൊടിയിലെ ചേമ്പില പറിച്ച്
തലയിൽ ചൂടിയതും നിനക്ക് ഓർമ്മയില്ലേ?

മനസ്സിൽ മണിച്ചെപ്പിൽ സൂക്ഷിച്ച
ഒരുപിടി നല്ല ഓർമ്മകൾ
എന്നും എൻ സ്മരണയിൽ നിലനിൽപ്പൂ.


# ജീവിത പാഠം

**"പ്രളയം കുറെ നഷ്ടങ്ങൾ വരുത്തിയതോടൊപ്പം കുറെ തിരിച്ചറിവുകളും നൽകി.”**

പരസ്പര സ്നേഹം : പ്രളയത്തിൽ അകപ്പെട്ടപ്പോൾ രക്ഷകരായത് ദുരിതാശ്വാസ ക്യാമ്പിൽ ഭക്ഷണം നൽകി ഒപ്പം നിർത്തിയത് വസ്ത്രം തന്ന് ഉറ്റവരെപ്പോലെ കരുതിയത്.



കരുണ:കഷ്ടപ്പെടുന്നവരെയും ദുരന്തത്തിൽപ്പെടുന്നവരെയും കരുണയോടെ കാണണമെന്ന പാഠം പഠിച്ചു. പ്രളയത്തിന് ഇരയാകാത്തവർ കരുണയോടെ സംരക്ഷണത്തിന്റെ വലയം തീർത്തു.



മതിലുകൾ : അയൽക്കാരുമായി ഇടപഴകാനും വീട്ടിൽ മറ്റുള്ളവർ കടന്നു വരുമ്പോൾ സ്വാകാര്യത പോകുന്നതിലെ ഇഷ്ടക്കുറവും പോയി. പ്രളയം വന്നപ്പോൾ മതിൽ കടന്നുവന്ന് രക്ഷിച്ചത് അകറ്റി നിർത്താൻ ആഗ്രഹിച്ചവരായിരുന്നു.



സ്വാർത്ഥത : എല്ലാം എനിക്ക് മാത്രം എന്ന ജീവിത രീതി മാറ്റിമറിച്ചു. എനിക്ക് മാത്രം സുരക്ഷിതമായത് ഒന്നുമില്ലെന്ന് അറിഞ്ഞു. നാടും നാട്ടുകാരും നന്നായിരിക്കുന്നതാണ് എന്റെ സുരക്ഷിതത്ത്വം.




ക്ഷമ : എനിക്ക് കാത്തുനിൽക്കാനും ആരെയും അറിയാനും കേൾക്കാനും സമയമില്ലായിരുന്നു. പ്രളയ ദുരിതത്തിൽ ഞാൻ കഴിഞ്ഞുകൂടിയപ്പോൾ തിരക്കെല്ലാം മാറ്റിവച്ച് സംരക്ഷകരായത് അനേകരായിരുന്നു. ക്ഷമയുടെ വില അറിഞ്ഞു.



അഹങ്കാരം: ഞാൻ ആരെല്ലാമോ ആണെന്ന കരുതിയത് പ്രളയം എടുത്തു കളഞ്ഞു .




പങ്കുവെപ്പ് : പ്രളയ ദുരന്തനാന്തകളിൽ ഭക്ഷണവും വസ്ത്രവും സമ്പാദ്യവും ചെലവഴിക്കാൻ എന്നെത്തേടി മറ്റുള്ളവർ എത്തിയപ്പോൾ പങ്കുവെക്കുന്നതിലെ പ്രാധാന്യം ഞാൻ അറിഞ്ഞു.



# ഹർത്താൽ



ഹർത്താൽ ഈ നാടിൻ ശാപമല്ലേ
എന്ന നിർത്താമിതെന്നൊന്ന
ചിന്തിക്കണ്ടേ
രാഷ്ട്രീയപാർട്ടികൾ നിലനിൽപ്പിനായ്
കഷ്ടപ്പെടുത്തുന്ന പൊതുജനത്തെ
സമുദായനേതാക്കൾ പിന്നിലല്ല
അവരും ചുമലിൽ വഹിക്കുന്നീ
ദുർഭ്രതത്തെ പെട്രോളും മെട്രോയും
മദ്യവും ലാവ് ലിനും
സോളാറും ഹർത്താലിനും കളമൊരുക്കി
കൊലപാതകം നാട്ടിൽ കൂടെ കൂടെ
പിന്നാലെ ഹർത്താലതിൻ പിന്നിൽ
വ്യവസായികൾക്കൊക്കെ പരവതാനി
പക്ഷേ ഓരുവനമിങ്ങോട്ടടുക്കുകയില്ല
നാട്ടിൽ പുരോഗതി വഴിമുടക്കി
കുട്ടിപിശാചെന്നും കൂടെയുണ്ട്
എന്താണ വേണ്ടത് ചിന്തിചോള
ചിന്തയ്ക്കെതിരായി ഹർത്താലില്ല.......



# മികവുകൾ

## കലോത്സവം

1.ഗ്രൂപ്പ് ഡാൻസ്

*സബ് ഡിസ്ട്രിക്ട് ലെവൽ  ഫസ്റ്റ്എ ഗ്രേഡ്

*ഡിസ്ട്രിക്ട് ലെവൽ  ഫസ്റ്റ്എ ഗ്രേഡ്

*സംസ്ഥാനതലം എ ഗ്രേഡ്



2.തിരുവാതിര

*സബ് ഡിസ്ട്രിക്ട് ലെവൽ ഒന്നാം സ്ഥാനം എ  ഗ്രേഡ്

*ഡിസ്ട്രിക്ട് ലെവൽ ഒന്നാം സ്ഥാനം എ  ഗ്രേഡ്

*സംസ്ഥാനതലം എ ഗ്രേഡ്



# ഒരുവട്ടം കൂടി നിൻ മാറിൽ അണയാൻ

പ്രകൃതി തൻ രൗദ്രഭാവവും പേറി-
ജനങ്ങൾ തൻ മുന്നിൽ നിൽപ്പൂ.
മനസ്സിൽ തേങ്ങലോടെ കൊണ്ടു
പോകുന്നു പകയോടെ വീണ്ടും ജലക്കയത്തിൽ.

നൊമ്പരപ്പെട്ടു കൊച്ചു വനങ്ങൾ-
പോലും,ഭീതി തോന്നി
നിൻ്റെ ശാലീനതയും ശോഭയും നഷ്ട-
പ്പെട്ടുമോ എന്ന് ഓർത്ത്



പ്രാണനേക്കാൾ പ്രിയം നിയെനിക്ക്
പ്രിയം നീ സ്മരണയിൽ
മാത്രമായീടുമോ.

ഈറനണയിച്ചു,നിൻ മാറിൽ
നിൻമക്കൾ തൻ പ്രാണൻ്റെ നിലവിളി
നീയിതു കേൾക്കുന്നില്ലെ പ്രകൃതീശ്വരി.

ക്ഷമിക്കുവിൻ നിൻ കേരളനാടിനോട്
നിൻ മകളോട് നീ മാപ്പു നല്കില്ല -
ഞങ്ങൾക്കെന്നറിഞ്ഞിടുന്നു.

എങ്കിലും കൈരളിതൻ മടിത്തട്ടിൽ
തലച്ചായ്ക്കാൻ തന്നിടേണം
ഒരുവട്ടം കൂടി....

# പ്രളയം

2018-ൽ കേരളം നേരിട്ട ദേശീയ ദുരന്തമാണ് വെള്ളപ്പൊക്കം. ആഗസ്റ്റ് മാസത്തിലാണ് കേരളത്തെ പിടിച്ചുലച്ച പ്രളയം ആരംഭിച്ചത്. ചെറുതും വലുതുമായ 35 ഓളം ഡാമുകൾ ആണ് തുറക്കേണ്ടി വന്നത്. കാലാവസ്ഥ പ്രവചിച്ചതിൽ നിന്നും വ്യതിചലിച്ചാണ് കേരളത്തിലെ വൃഷ്ടി പ്രദേശത്തുണ്ടായ മഴ. ഡാമുകളിലെ സംരക്ഷണ ശേഷിയേയും താറുമാറാക്കുന്ന രീതിലായിരുന്ന ജലത്തിൻെറ പ്രവാഹം. ഡാമുകൾ തുറന്ന വിടേണ്ടത് അത്യന്താപേക്ഷിതമായിരുന്നു. ഒരേ സമയം തന്നെ ഒരു  മിക്ക ഡാമുകളും ഒരുമിച്ച് തുറന്നതിൽ വച്ചാണ് ഇത്രയും വലിയ ഒരു പ്രളയത്തെ കേരളത്തിന് നേരിടേണ്ടി വന്നത്.



കൂടാതെ മനുഷ്യരുടെ സ്വാർത്ഥതയാണ് മറ്റൊരു വശം. കുന്നുകൾ ഇടിച്ച് നിരപ്പാക്കിയും പാറകൾ പൊട്ടിക്കുന്നതു മൂലവും, ചെറിയ തോടുകൾ നികത്തി നീരൊഴുക്കുകൾ തടസ്സപ്പെടുത്തിയതും കൊണ്ട് കുറെയേറെ ദോഷങ്ങൾ ഉണ്ടായിട്ടുണ്ട്. നിർവചിക്കാൻ പറ്റാത്ത നാശനഷ്ടങ്ങളാണ് പ്രളയം മൂലം കേരള ജനത നേരിടേണ്ടി വന്നത് ഭാഗികമായും പൂർണ്ണമായും പലതും നഷ്ടമായി. ചിലർക്ക് സർവ്വതും നഷ്ടപ്പെട്ടു. ജീവൻ രക്ഷിക്കാൻ വേണ്ടി ഒരോരോരുത്തർക്കും പലതും ഉപേക്ഷിക്കേണ്ടി വന്നു. മിക്കവരുടെ ജീവനോപാധി തന്നെ നഷ്ടപ്പെട്ടു.ഏറ്റവും ആവശ്യമായ  പല രേഖകളും പലർക്കും നഷ്ടമായി. വിലപ്പെട്ടരേഖകളായആധാർ,ഐഡന്റിറ്റികാർഡ്,പാസ്സ്പോർട്ട്,റേഷൻകാർഡ് തുടങ്ങിയ ഒട്ടനവധി രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു.

ഒരു ജീവൻ മരണപ്പോരാട്ടമായിരുന്നു കേരളം നേരിട്ടത്. പലരും പലസ്ഥലങ്ങളിലും കുടുങ്ങിപ്പോയി. ആരെയും കോൺടാക്ട് ചെയ്യാൻ പോലും പറ്റാത്ത അവസ്ഥയായിരുന്നു. വൈദ്യുത കണക്ഷനും ഫോൺ കണക്ഷൻ എല്ലാം തകരാറിലായി. ഗതാഗതം താറുമാറായി. റോഡുകൾ പൊട്ടിപൊളിഞ്ഞു. പുഴകളും തോടുകളും നിറഞ്ഞു കവിഞ്ഞു.പല വാഹനങ്ങളും വെള്ളംകയറി നശിച്ചു.ആലപ്പുഴ ജില്ല മുഴുവനായ പ്രളയത്തിൽനശിച്ചു. മാസങ്ങൾ എടുത്താലും കരകയാൻ പറ്റാത്ത അവസ്ഥയിലായിരുന്നു. മലപ്പുറം, കണ്ണൂർ, വയനാട്, കോഴിക്കോട്

ജില്ലകളിൽ ശക്തമായ ഉരുൾപൊട്ടൽ ഉണ്ടായി. അനേകപേർ മരണപ്പെട്ടു. ഏറെ പേർക്ക് ഗുരുതരമായ അപകടങ്ങൾ സംഭവിച്ചു.ഒട്ടുമിക്ക പേർക്കും കിടപ്പാടം നഷ്ടമായി. എന്നിരുന്നാലും കേരള ജനത പ്രളയത്തെ ഒന്നിച്ച് അതിജീവിച്ചു. എല്ലാവരും ജാതി മതഭേദമില്ലാതെ ഒറ്റക്കെട്ടായി പ്രവർത്തിച്ചു.





സമ്പന്നരും ദരിദ്രരും ഒരുമിച്ച് താമസിച്ചു. ഒരുപാട് ദുരിതശ്വാസ ക്യാമ്പുകൾ തുറന്നു. എല്ലാവരെയും ക്യാമ്പുകളിൽ എത്തിച്ചു. അതിനുവേണ്ടി ഒരുപാട് നല്ലവരായ ആളുകൾ പ്രയത്നിച്ചു. ജീവൻ വരെ പണയം വച്ച് ഒരോരുത്തരും പ്രയത്നിച്ചു. നമ്മുടെ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിച്ച മത്സ്യത്തൊഴിലാളികൾ മനസ്സും ജീവനും അർപ്പിച്ച് കർമ്മനിരന്തരായി. ഓരോ ജീവനു വേണ്ടിയും അവർ ഒരുമിച്ച് ഒറ്റക്കെട്ടായി നിന്നു. വാഹനങ്ങൾ എത്തിപ്പെടാത്ത സ്ഥലങ്ങളിൽ നള്ളങ്ങളും, തോണികളും ,ബോട്ടുകളും എത്തിച്ചു. മത്സ്യത്തൊഴിലാളികൾ പ്രളയത്തിൽ ഏറ്റവും വലിയ മാതൃകയായി. വാക്കുകൾ കൊണ്ട് പറയാൻ പറ്റാത്ത വിധത്തിൽ ഒരുപാട് പേർ ഈ പ്രളയത്തിൽ പ്രവർത്തിച്ചിട്ടുണ്ട്.

അതുപോലെ ദുരിതാശ്വാസ ക്യാമ്പുകളിലും എല്ലാവരും മനസ്സും ശരീരവും ഒരുപോലെ അർപ്പിച്ചു. ഭക്ഷണവും വസ്ത്രവും എല്ലാം എല്ലാവർക്കും എത്തിച്ച കൊടുത്തു. ആർക്കും ഒരു കുറവ് വരുതാതെ പലരും മനസ്സറിഞ്ഞ് പ്രവർത്തിച്ചു. രോഗികൾക്ക് ആവശ്യമുള്ള മരുന്നുകൾ ക്യാമ്പുകളിൽ ഡോക്ടർമാർ വന്ന് പരിശോധന നടത്തി നൽകിയിരുന്നു ഈ സമയങ്ങളിലെല്ലാം ഡോക്ടന്മാർ സജീവമായി പ്രവർത്തിച്ചു. അതുപോലെ തന്നെ എടുത്ത പറയത്തക്ക ഒരുപാട് സംഘടനകൾ ഒരോ കാമ്പ്യലേക്കും നിരവധി സഹായങ്ങൾ ചെയ്തു. പല സംഘടകളിൽ നിന്നും കുട്ടികൾക്ക് പഠനത്തിന് ആവശ്യമായ പുസ്തകങ്ങളും ബാഗുകളും മറ്റും നൽകി. അതുപോലെ സ്കൂകളുകളിലെ ടീച്ചർന്മാരും നല്ലതുപോലെ പ്രവർത്തിച്ചു. പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട കുട്ടികൾക്ക് അദ്ധ്യാപകർ നല്ല രീതിയിൽ സഹായിച്ചു. പല സ്കൂകളിൽ നിന്നും കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ ലഭിച്ചു.

മാസങ്ങൾ വേണ്ടി വന്നു ഒരോരുത്തർക്കും ക്യാമ്പുകളിൽ നിന്നും വീട്ടിലേക്ക് മടങ്ങുവാൻ പല സംഘടനകളും വീടും പരിസരവും വൃത്തിയാക്കുവാൻ പങ്കെടുത്തു. ഇപ്പോഴും ക്യാമ്പുകളിൽ നിന്നും പോകാത്ത കുടുംബങ്ങളും ഉണ്ട്. ആകെയുണ്ടായിരുന്ന വീട് നഷ്ടപ്പെട്ടവറുണ്ട്. എന്നിരുന്നാലും വീട് നഷ്ടപ്പെട്ടവർക്കും, ഭാഗികമായി വീട് തകർന്നവർക്കും സർക്കാരിൽ നിന്നും പല സ്കൂകളിൽ നിന്നും, പല സംഘടനകളിൽ നിന്നും വീട് പണിത് കൊടുക്കുന്നുണ്ട്. ഏതാനും വീടുകൾ ഇപ്പോൾ പണി പൂർത്തികരിച്ച് താമസം ആരംഭിച്ചു.



എങ്കിൽ കൂടിയും ജനങ്ങൾ പഠിക്കേണ്ട ഒരു പാഠം ഉണ്ട്. പരസ്പരം തമ്മിലടിക്കാതെ ഒരുപോലെ ജീവിക്കണമെന്നത്. പ്രളയം കൊണ്ട് പലതും നമുക്ക് പഠിക്കാനുണ്ട്. അവിടെ സമ്പന്നൻ എന്നോ ദരിദ്രൻ എന്നോ ഹിന്ദു എന്നോ മുസ്ലീം എന്നോ ക്രിസ്ത്യൻ എന്നോ ഒന്നുമില്ല. എല്ലാവരും ഒരുപോലെ, ജാതിനോക്കിയോ , സമ്പന്നത നോക്കിയാ, അല്ല എല്ലാവരെയും രക്ഷിച്ചത്. എല്ലാവരും ഒരുപോലെ ഒറ്റക്കെട്ടായിട്ടാണ് പ്രളത്തെ നേരിട്ടത്. അയൽപക്കാരുമായി കൂടിക്കഴിയാനോ ആരുടെയും വാക്കു കേൾക്കാനോ ആർക്കും നേരമില്ല. പക്ഷേ പ്രളയം അതൊന്നും കാത്തുനിന്നില്ല. എല്ലാവരും മഹാപ്രളയത്തിൽ അകപ്പെട്ടു. ജീവനുവേണ്ടിയുള്ള നെട്ടോട്ടം. എന്തൊക്കെയുണ്ടായിട്ടും കാര്യമില്ല ജീവിക്കാൻ പഠിക്കണം. എല്ലാവരോടും കരുണയോടെ പെരുമാറണം.വഎല്ലാവരുടെ ദു:ഖത്തിലും പങ്കു ചേരണം. ഒന്നുമില്ലാത്തവന്റെ ദു:ഖത്തിൽ തണലാകണം ഒത്തൊരുമയോടെ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കുക. നമ്മുക്ക് നല്ലൊരു കേരളം പടുത്തുയുർത്താം നല്ലൊരു നാളേക്കായ്.





"നൽകു ഒരു സഹായഹസ്തം"

# പ്ലാസ്റ്റിക്ക് ശേഖരണം

2018- ഡിസംബർ മാസത്തിൽ നിരവധിസ്കൂളിൽ നിന്ന് പ്ലാസ്റ്റിക്ക് ശേഖരണം നടത്തുകയുണ്ടായി. ലുലുമാളിൽ നേതൃത്വത്തിലായിരുന്നു ഇത് നടന്നത്. നമ്മുടെ വീട്ടുകളിൽ ആവശ്യം കഴിഞ്ഞ് ഉപേഷിക്കുന്ന പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് കുട്ടികൾ സ്കൂളുകളിൽ റീസൈക്കളിങ്ങ് ബോക്സിൽ നിക്ഷേപിക്കുന്നു. റീസൈകൾ ചെയ്യ്ത പ്ലാസ്റ്റിക്കുകൾ പുനർനിർമ്മാണം നടത്തി.അവതോരണങ്ങളായി ലുലുമാളിൽ ഉപയോഗിക്കുന്നു. ഇന്ന് ഈ ലോകമെമ്പാടും പ്ലാസ്റ്റിക്ക് മൂലം ജനങ്ങൾ അനുഭവിക്കുന്ന ഒരു രോഗമാണ് കാൻസർ.



പ്ലാസ്റ്റിക്കിൻെറ അമിത ഉപയോഗം മനുഷ്യർക്ക് മാത്രമല്ല ബാധിക്കുന്നത് മറ്റുജീവജാലങ്ങൾക്ക് കൂടിയാണ്.അങ്ങനെയിരിക്ക ഇതിനൊരു പ്രതിനിധിയായിട്ടാണ് ലുലുമാൾ കോപ്രേറ്റ് കമ്പനി ഇങ്ങനൊരു റിസൈക്കളിങ്ങ് പ്രോസ്സിന് തുടക്കമിട്ടത് . ഇപ്പോൾ ലുലുമാൾ കോപ്പപ്രേറ്റ് കമ്പനി മാത്രമല്ല ഈ സേവനം അനുഷ്ഠിക്കുന്നത് മറ്റു സ്ഥാപനങ്ങളിലും ഇത് സുലഭമാണ്. സേവന സന്തരായി മുന്നോട്ട് വരുന്ന ഇത്തരത്തിലുള്ള കോപ്രേറ്റ് കമ്പനികൾ ജനങ്ങളുടെ പിന്തുണ ആവശ്യമാണ്. ജനനന്മമാത്രം മുന്നിൽ കണ്ടാണ് ഇത്തരത്തിലുള്ള കമ്പനികൾ വിവിധ പ്രവർത്തനങ്ങുമായി മുന്നോട്ട് വരുന്നത്. സേവനമാണ് അവരുടെ പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷം. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ പിന്തുണ ആവശ്യമാണ് അതിനാൽ നമ്മളാൽ കഴിയുന്ന വിധത്തിൽ ഇവയെ പ്രോത്സാഹിപ്പിച്ച് മുന്നോട്ട് നയിക്കേണ്ടത് നമ്മുടെ കടമയാണ്.



# തണൽമരം

തണൽ തേടിയണയുന്നോർ
ക്കഭയമേകുന്ന നീ
നിൻ നിഴൽ വെയിൽകൊള്ളുന്ന
തറിയാതെ പോകുന്നു
ഇലകൾ കൊഴിയുമാ
ഗ്രീഷ്മകലത്തിലും
മാറ്റമില്ലാതെ നിൻ കാൽക്കൽ
ശയിക്കുന്നു.



# ലഹരിയും ലഹരി വിമുക്തിയും




മനുഷ്യന്റെ ശാരീരികവും അതുപോലെ തന്നെ മാനസികവുമായ ആരോഗ്യത്തിന് ക്ഷതം വരുത്തുന്ന ഒന്നാണ് ലഹരി. ലഹരിയുടെ ഉപയോഗം മനുഷ്യമനസ്സിന്റെ താളം തെറ്റിക്കുന്നു. ഇന്നത്തെ  ഈ സമൂഹത്തിൽ പടർന്ന പന്തലിക്കുന്ന ഒരു അർബുദമാണ് ലഹരി. ലഹരി മനുഷ്യന്റെ ജീവന് ആപത്തു സൃഷ്ടിക്കുന്നു എന്നാല്ലതെ അതിന്റെ ഉപയോഗം മൂലം യാതൊരു ഗുണവും മനുഷ്യനില്ല.കുടുംബ ബന്ധങ്ങൾ തകരുന്നതിന്റെ ഒരു പ്രധാന കാരണമാണ് ലഹരി ഉപയോഗം.




ഈ ചിന്തയാണ് നമ്മെ ലഹരിയിൽ നിന്നും മുക്തി നേടാൻ സഹായിക്കുന്നത്. മദ്യപാനം ആരോഗ്യത്തിന് ഹാനികരം  എന്ന്  മദ്യക്കുപ്പിക്ക് പുറത്തു തന്നെ കാണാം, എന്നിട്ടും അന്ധനെ പോലെയാണ്  നാം പെരുമാറുന്നത്. മദ്യപാനം എന്ന ദുശീലത്തിൽ നിന്നും വിമുക്തി നേടേണ്ടത് മനുഷ്യന്റെ ആവശ്യമാണ്.നമ്മുക്ക് ഒന്നിച്ച് പ്രവർത്തിക്കാം ഒരു ലഹരി വിമുക്ത കേരളത്തിനായി.




# മുതലകണ്ണീർ



"ഞങ്ങളനാഥരെന്നുച്ചത്തി
ലോതുവാൻ
മാതാപിതാക്കളെ കൊല്ലും
കുത്തിയൊഴുകും പുഴ മാന്തി മാറ്റിട്ട്
തീരത്ത് കണ്ണുനീർ ളുകും"

# സന്തോഷത്തിന്റെ മഹാരഹസ്യം

വൃദ്ധതാപസനു മുന്നിൽ ദൈവദൂതൻ പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "ദൈവം പറഞ്ഞിട്ടു വന്നതാണു ഞാൻ". എന്തുവേണമെങ്കിലും ചോദിച്ചോളൂ...' അമ്പരപ്പോടെ കണ്ണുതുറന്ന വൃദ്ധസന്യാസി പറഞ്ഞു ."എനിക്ക് 90 വയസ്സായി". ഇനി ഒരാഗ്രഹവും ബാക്കിയില്ല." അങ്ങനെ പറയരുതെന്നായി ദൈവദൂതൻ. സന്യാസി പറഞ്ഞു: "പണ്ട് എനിക്ക് ഒരുപാട് ആഗ്രഹങ്ങൾ ഉണ്ടായിരുന്നു.അന്നു ഞാൻ പ്രാർത്ഥിച്ചു. അന്നൊന്നും ദൈവം ആരെയും എന്റെ അരികിലേക്ക് വിട്ടില്ല. എനിക്ക് ഇപ്പോൾ ഒരാഗ്രഹവുമില്ല."





ഈശ്വരകല്പനയെ അവഗണിക്കരുതെന്നായി ദൈവദൂതൻ. എങ്ങനെയെങ്കിലും സമ്മതിപ്പിച്ചില്ലെങ്കിൽ അതു തന്റെ പ്രാപ്തിക്കുറവാണെന്നായി ദൈവം ചിന്തിച്ചാലോ എന്നായി ദൈവദൂതന്റെ ബേജാറ്. ഒടുവിൽ വൃദ്ധസന്യാസി പറഞ്ഞു: "ആഗ്രഹങ്ങൾ ഇല്ലാത്തവനായി ഇങ്ങനെ തുടരാൻ എന്നെ അനുഗ്രഹിക്കൂ..." ആഗ്രഹങ്ങൾ കുറയും തോറും നമുക്കു കൂടുതൽ ശാന്തി കിട്ടും ഇതാണല്ലോ സന്തോഷത്തിന്റെ മഹാരഹസ്യം..!

# ജീവിതം എത്ര മനോഹരം

*ഒരു പക്ഷിയെ പോലെ പറന്നു*
*നടക്കാൻ എന്നെ അനുവദിക്കൂ*
*സ്വാതന്ത്ര്യമായി ജീവിക്കാൻ*
*സമ്മതിക്കൂ ; എൻ ഇഷ്ട സ്വ-*
*പ്നത്തിൽ പറക്കാൻ ആഗ്രഹം*
*എനിക്ക്. കൂട്ടിന് കുറേ പക്ഷികൾ.*

*മരചില്ലയിൽ കൂടുകൂട്ടാൻ എനിക്കിഷ്ടം*
*കാറ്റത്തും മഴയത്തും പറന്നു*
*നടക്കുന്നു ഞാൻ.*
*എന്റെ സ്വപ്നവുമായ് ആ ജീവിതം*
*എത്ര മനോഹരം*
*ഹാ! എത്ര മനോഹരം.*



*ഭൂമിയിലെ ജീവജാലങ്ങളെല്ലാം*
*അനുഭവിച്ചു തീർക്കുന്നു നമ്മൾ.*
*പറക്കുന്ന ചിത്രശലഭങ്ങൾ,*
*കൂകുന്ന കുയിലുകൾ,*
*കരയുന്ന കാക്കകൾ*
*എത്ര മനോഹരം ഈ ഭൂമിയിൽ*
*ജീവിതം എത്ര മനോഹരം.*

# മാതൃഭാഷ

ചരിത്രം എന്നതിനുപരി നമ്മുടെ സംസ്കാരത്തിൻെറ ഭാഗമാണ് നമ്മുടെ മാതൃഭാഷ. മലയാള ഭാഷയിൽ പണ്ട് കാലത്ത് വട്ടെഴുത്തും കോലെഴുത്തും ആണ് ഉപയോഗിച്ചിരുന്നത്. സംസ്കൃതത്തിൽ നിന്നും കടം കൊണ്ട വാക്കുകളും മലയാളത്തിലുണ്ടായിരുന്നു.പിന്നീടാണ് ആധുനിക മലയാള ഭാഷ രൂപം കൊണ്ടത്.






മണിപ്രവാളം എന്നൊരു സാഹിത്യശൈലിയായിരുന്നു പണ്ട് കാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. പാട്ടിന് സമാന്തരമായ സാഹിത്യശൈലിയായിരുന്നു മണിപ്രവാളം. ഉണ്ണുനീലി സന്ദേശമാണ് മണിപ്രവാളത്തിലെഴുതിയ ഏറ്റവും പ്രശസ്തമായ കൃതി.തമിഴിനുള്ളതുപോലെ പഴക്കം മലയാളത്തിനുമുണ്ട്.മലയാളസാഹിത്യത്തിനും ഇത്രയേറെ പഴക്കമുണ്ട്. മലയാള സാഹിത്യത്തിൻെറ ആദ്യകാലം നാടോടി ഗാനങ്ങളിലൂടെയായിരുന്നു. പാശ്ചാത്യ സാഹിത്യത്തിൻെറ സ്വാധീനത്തിലൂടെയാണ് ആധുനിക സാഹിത്യത്തിലേക്ക് ചുവടുവക്കുന്നത്. അമ്മിഞ്ഞ കൊടുത്തുവളർത്തിയ 'അമ്മ'യും തല്ലാതെ തലോടിയും തല്ലിയാൽ തലോടിയും വളർത്തുന്ന 'അച്ഛന'മാണ് കുഞ്ഞുങ്ങൾ ഉച്ചരിക്കുന്ന ആദ്യത്തെ വാക്കുകൾ.അതുകൊണ്ടാണ് അമ്മ, അമ്മിഞ്ഞ, അച്ഛൻ എന്നിങ്ങനെയുള്ള നല്ല വാക്കുകൾ സ്നേഹസ്മൃതികളായിത്തീരുന്നത്. അവ സംരക്ഷണത്തിൻെറയും സാന്ത്വനത്തിൻെറയും അനുഭവങ്ങൾക്കുള്ള ശബ്ദപ്രതികങ്ങളായിത്തീരുന്നു.പിന്നീടാണ് ഇന്ദ്രിയങ്ങളോരോന്നും പഞ്ജഭൂതങ്ങളോട് ബന്ധപ്പെട്ട വസ്തുക്കളുമായി പരിചയപ്പെടുന്നത്. അഞ്ച് ഇന്ദ്രിയങ്ങളിലൂടെ പഞ്ചഭൂതാത്മകമായ പ്രപഞ്ചത്തെ അറിഞ്ഞ് കൊണ്ട് കുട്ടി വളരുന്നു. പുല്ലും, പൂവും, പൂക്കാലവും, മരങ്ങളും, മാമ്പഴം പോലുള്ള പഴങ്ങളുമെല്ലാം കുട്ടിക്കാലത്തെ ഇന്ദ്രിയ അനുഭൂതികളിൽ മായാത്ത മുദ്രകൾ പതിപ്പിക്കുന്നു.

# ADVANTAGES OF INTERNET



Today, Internet is being used world wide. It helps us to gain Knowledge. The main advantage of the internet is its ability to connect billions of computers and devices to each other. Not only does internet create convenience in sharing and receiving information between people, another advantage of the modern internet is its ability for automation.

Internet is very important for students. Nowadays everyone is using internet. It is the limitless space were everyone has access to infinite amount of information. The internet is where a large number of knowledge comes from. Humans are fortunately curious creatures who tend to become hungry for knowledge to feed on. This knowledge will most likely be used on a personal level, but it can be also be converted and used in terms of education and the overall understanding of life.



The internet is beautiful and limitless. The internet provides us useful data, information, and knowledge for personal, social and economic development and it is up to us to utilize our time on the World Wide in a productive manner. Internet is a revolution in information technology.

We have to put a limit when using internet. Otherwise we may become addict to that. The uses of internet in our daily life is depending on deserves and goals. Activities in our daily life are improved after the use of internet. Internet enhanced our daily life. We spend lots of time on the internet. Judicious use of internet makes our lives easy and simple. The global network of computers has changed our lives tremendously. More than 40% of the worlds population is connected to internet. This is because we are connected to various information and lifestyle facilities. It is because a large number of new people are getting connected to the internet via their portable devices everyday. The internet is a sea of data and information in which a little dip can speed up and change the way we live and business. That's why it is very important and challenging to use it. Internet is a sea of information. Always use it positively, if you use it positively it will be the best weapon to change this world........



# वो तारा को देखा तो

एक तारा थी,
जो हमेशा चमकी रहती थी
वो हमेशा आसमान
को रोशीनी  करने केलिए
आऊगी
उसने आना कभी नही बुलाति है.
उसने रात की अधकार को
रोशीनी करती दी
वो तारा सबसे चमतकार दी


"हम को बी ऐसा चमकना है"

# पर्यावरण.

पर्यावरण हमारा मां हॆ. । पर्यावरण ईशवर् का वरदान ह् । इस हिस्साब सॆ तॊ   उस पर्यावरण मां, कि संरक्षण का दायित्व हमारा हि हॊगा न।लॆकिन हम लॊग हमारा सुंन्दर् पर्यावरण कॊ पृदूषित कर  रहॆं हॆ. । हमॆं अपना पर्यावरण कॊ पृदूषित करना नहीं चाहिऎ. ।अगर् हमनॆ पर्यावरण का संरक्षण नहीं किया तॊ उसका अंजाम बहुत बुरा हॊगा. ।



# ഞങ്ങൾ മനസ്സിലാക്കിയ കംപ്യൂട്ടർ







# അറിവിന്റെ നറുങ്ങുകൾ

2019-20 അദ്ധ്യയനവർഷത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നേടിയ അറിവുകൾ.

- ഗ്രാഫിക്സ് & അനിമേഷൻ
- മലയാളം കമ്പ്യൂട്ടിങ്
- ഇന്റർനെറ്റ്
- സ്ക്രാച്ച്
- മൊബൈൽ ആപ്പ്
- ഹാർഡ് വെയർ



# കടപ്പാട്

ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ സഹായിച്ച ബഹു. ഹെഡ്മിസ്ട്രസ് ബീന ജേക്കബ് ടീച്ചറിനും, സ്കൂൾ ഐ.ട്ടി കോഡിനേറ്റർ ജയ ടീച്ചറിനും , കൈറ്റ് മിസ്ട്രസ് യമുന ജോയ്, റീന ജോസഫ് എന്നീ അധ്യപകർക്കും ,ഞങ്ങളെ സഹായിച്ച മറ്റ് അധ്യപകർക്കും വിദ്യർഥികൾക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ കൃതജ്ഞത അറിയിക്കുന്നു.



# മഴവില്ലിനു പിന്നിൽ

1. നന്ദന സുനിൽ
2. ശ്രീലക്ഷ്മി .പി.എസ്
3. അനുലക്ഷ്മി .പി.എസ്
4. നന്ദന കെ.ജി
5. ദേവപ്രിയ .എസ്. നായർ
6. അനഘ .എം. മനോജ്
7. ഏയ്ഞ്ചൽ ജോഷി
8. മാളവിക .വി.യു
9. ക്രിസ്റ്റീന റോസ്
10. കൃഷ്ണ .സി.എസ്
11. നീനു ജോസ്
12. ആതിര .എ.യു
13. നന്ദന സന്തോഷ്
14. മിദുല
15. അനുശ്രീ ബിനു
16. ഡോലീറ്റ
17. മിലീന
18. അഖില ബെന്നി
19. ദേവിക
20. കൃഷ്ണേന്ദു ടി ബി

LITTLE KITE MISTRESS : Smt.YAMUNA JOY
: Smt.REENA JOSEPH




ശുഭം